"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- മടവീഴ്ചയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം- ട്രഷറി നിയന്ത്രണം മൂലം WAMS Clearance ലഭ്യമാകാത്തതിനാൽ മാറി നൽകാൻ കഴിയാത്ത തുക അനുവദിക്കുന്നതിനായി ആലപ്പുഴ ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.851/2024/DMD തീയതി,തിരുവനന്തപുരം, 21-11-2024

---

പരാമർശം:- ആലപ്പുഴ ജില്ലാകളക്ടറുടെ 18/07/2024 ലെ ഡിസിഎഎൽ പി/430/2021-ഡിഎംസി5 നമ്പർ കത്ത്

**ഉത്തരവ്**

2021-22, 2022-23 വർഷങ്ങളിൽ ജില്ലയിലെ പാടശേഖരങ്ങളിലുണ്ടായ മടവീഴ്ചകൾക്ക് നഷ്ടപരിഹാരമായി SDRF ലെ 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും 92,13,265/-രൂപ പ്രിൻസിപ്പൽ അഗ്രിച്ചറൽ ഓഫീസർ മുഖേന വിതരണം ചെയ്യുന്നതിന് അനുവദിച്ചിരുന്നുവെന്നും എന്നാൽ ചമ്പക്കുളം, കൈനകരി കൃഷിഭവനുകൾക്ക് കീഴിലുള്ള 4 പാടശേഖരങ്ങൾക്ക് ട്രഷറി നിയന്ത്രണം മൂലം WAMS Clearance ലഭ്യമാകാത്തതിനാൽ നാളിതുവരെ ബന്ധപ്പെട്ട ബിൽ തുകയായ 36,23,464/-രൂപ മാറി നൽകുന്നതിന് ചമ്പക്കുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ തുക അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചമ്പക്കുളം, കൈനകരി കൃഷിഭവനുകൾക്ക് കീഴിലുള്ള 4 പാടശേഖരങ്ങൾക്ക് ട്രഷറി നിയന്ത്രണം മൂലം WAMS Clearance ലഭ്യമാകാത്തതിനാൽ മാറി നൽകാൻ കഴിയാത്ത ബിൽ തുക മാറി നല്കുവാൻ 36,23,464/-രൂപ 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്ന് ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 22-11-2024 13:06:34**

സെക്ഷൻ ഓഫീസർ